REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ലോക്സഭാ  മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാൾ. ബുധനാഴ്ച വരെ പത്രിക പിൻവലിക്കാം.
- കണ്ണൂർ ADM ആയിരുന്ന K നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് PP ദിവ്യയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ ആവശ്യം ഉയർന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദി ചിന്തകൾ ജനങ്ങളുമായി പങ്ക് വെക്കുന്ന  പ്രതിമാസ റേഡിയോ പരിപാടി  മൻ കി ബാത് നാളെ രാവിലെ 11-ന്.
- ശബരിമലയിൽ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ കുറ്റമറ്റ തീർത്ഥാടനം ഉറപ്പാക്കുമെന്ന് മന്ത്രി V.N വാസവൻ.
- പൂനെയിൽ ന്യൂസിലാന്റിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 359 റൺസ് വിജയലക്ഷ്യം. ന്യൂസിലാന്റ് രണ്ടാം ഇന്നിംഗ്സിൽ 255 റൺസിന് പുറത്തായി.
- സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തൃശൂർ മാജിക് FC, കാലിക്കറ്റ് FC യെ നേരിടും.

## വാർത്തകൾ വിശദമായി

വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന മറ്റന്നാൾ. ഈ മണ്ഡലങ്ങളിൽ മൊത്തം 46 പത്രികകളാണ് സമർപ്പിച്ചത്. വയനാട്ടിൽ 21 ഉം പാലക്കാട് 16 ഉം ചേലക്കരയിൽ 9 ഉം പത്രികകളാണ് ലഭിച്ചത്.

ഈ മണ്ഡലങ്ങൾക്ക് ഒപ്പം, വിവിധ സംസ്ഥാനങ്ങളിലെ 45 നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം ഇന്നലെ അവസാനിച്ചു. പത്രിക പിൻവലിക്കാൻ സമയ പരിധി ബുധനാഴ്ച അവസാനിയ്ക്കുന്നതോടെ മത്സര ചിത്രം വ്യക്തമാകും.

ഉത്തർപ്രദേശിൽ ഒമ്പതും, രാജസ്ഥാനിൽ ഏഴും, പശ്ചിമ ബംഗാളിൽ ആറും, അസമിൽ അഞ്ചും, ബിഹാറിലും പഞ്ചാബിലും നാല് വീതവും, കർണാടകയിൽ മൂന്നും, മധ്യപ്രദേശ്, സിക്കിം എന്നിവിടങ്ങളിൽ രണ്ടു വീതവും നിയമസഭാ സീറ്റുകളിലേക്കാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

ഛത്തീസ്ഗഡ്, ഗുജറാത്ത്, മേഘാലയ എന്നിവിടങ്ങളിൽ ഓരോ സീറ്റിലാണ് ഉപതെരഞ്ഞെടുപ്പ്. വോട്ടെടുപ്പ് അടുത്ത മാസം 13-ന് ആണ്. 23 നാണ് വോട്ടെണ്ണൽ.

✪✪✪

ഉപതിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസമായ ഇന്നലെ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഒമ്പത് പേർ പത്രിക നൽകി. ഇതോടെ മുന്നണി സ്ഥാനാർഥികൾ ഉൾപ്പടെ മണ്ഡലത്തിൽ പത്രിക സമർപ്പിച്ചവരുടെ എണ്ണം 16 ആയി.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....

..........(വോയ്സ് )...........

നാമ നിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായതോടെ പാലക്കാട് നിയസഭാ മണ്ഡലം ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിച്ചു.പാലക്കാട് നഗരസഭയും പിരായിരി കണ്ണാടി മാത്തൂർ പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് പാലക്കാട് നിയമസഭാ മണ്ഡലം.യു. ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി പഞ്ചായത്തിലാണ് പ്രചാരണം നടത്തുന്നത്.. എൽ. ഡി. എഫ് സ്ഥാനാർഥി ഡോ പി.സരിൻ രാവിലെ സ്വകാര്യസന്ദർശനങ്ങൾ പൂർത്തിയാക്കിയതിന് ശേഷം പ്രചരണം ആരംഭിക്കും. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാർ പാലക്കാട് നഗരസഭ പ്രദേശങ്ങളിലാണ് തിരഞ്ഞെടുപ്പ് പ്രചരണം

നടത്തുന്നത്.പാർട്ടികളുടെ പ്രധാന നേതാക്കളെല്ലാം ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് മണ്ഡലം കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിലാണ്.

✪✪✪

ഉപതെരഞ്ഞെടുപ്പ് പ്രചാരണം ചൂട് പിടിക്കുന്നതിനിടെ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തൃശൂരിൽ തുടങ്ങി. ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ ഇതുവരെ നടത്തിയ തെരഞ്ഞെടുപ്പു പ്രചാരണ പ്രവർത്തനങ്ങളുടെ അവലോകനമാണ് യോഗത്തിന്റെ പ്രധാന അജണ്ട. തെരഞ്ഞെടുപ്പ് വിഷയങ്ങളും, സമകാലിക സംഭവങ്ങളും യോഗത്തിൽ ചർച്ചയ്ക്ക് വരും.

കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന PP ദിവ്യക്കെതിരെ റവന്യൂ വകുപ്പിന്റെ അടക്കം കണ്ടെത്തലുകൾ ഉണ്ടായ പശ്ചാത്തലത്തിൽ, അവർക്കെതിരെ നടപടിയെടുക്കണമോ എന്ന കാര്യവും സെക്രട്ടറിയേറ്റ് ചർച്ച ചെയ്യും. ഭരണകക്ഷിയിലെ രണ്ട് MLA മാരെ കോടികൾ നൽകി കൂറുമാറ്റാൻ, NCP MLA ശ്രമിച്ചെന്ന ആരോപണവും യോഗത്തിൽ ചർച്ചയ്ക്ക് വരാൻ സാധ്യതയുണ്ട്.

✪✪✪

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് കോൺഗ്രസും ശിവസേന ഉദ്ധവ് താക്കറെ വിഭാഗവും രണ്ടാം ഘട്ട സ്ഥാനാർഥി പട്ടിക പ്രഖ്യാപിച്ചു. കോൺഗ്രസ് പട്ടികയിൽ 23 പേരും ശിവസേന പട്ടികയിൽ 15 പേരുമാണുള്ളത്.

✪✪✪

NCP കോഴ വിവാദത്തിൽ പുതിയ അഭിപ്രായങ്ങളൊന്നും പറയാനില്ലെന്നും ജുഡീഷ്യൽ അന്വേഷണം എന്ന ആവശ്യം പല കോണുകളിൽ നിന്നും ഉയരുന്നുണ്ടെന്നും മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ആന്റണി രാജു MLA പറഞ്ഞ കാര്യങ്ങളിലെ ശരി തെറ്റുകൾ പരിശോധിക്കേണ്ടതുണ്ട്. തോമസ് K തോമസിനെതിരായ ആരോപണം പാർട്ടി കൂട്ടായ ചർച്ച നടത്തി പരിശോധിക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് വ്യക്തമാക്കി.

മന്ത്രിസ്ഥാനത്ത് നിന്ന് ഏത് നിമിഷവും മാറി നിൽക്കാൻ തയ്യാറാണെന്ന് ശശീന്ദ്രൻ പറഞ്ഞു. പാർട്ടി പ്രസിഡന്റ് പറയുന്ന സമയം മന്ത്രിസ്ഥാനത്ത് നിന്ന് രാജിവെക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഇടതുപക്ഷ MLA കോഴ വാഗ്ദാനം ചെയ്തു എന്നറിഞ്ഞിട്ടും മുഖ്യമന്ത്രി അനങ്ങിയില്ലെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. സംഘപരിവാർ പക്ഷത്തേക്ക് MLA മാരെ കൊണ്ടുപോകാൻ ശ്രമിച്ചു എന്നറിഞ്ഞിട്ടും മുഖ്യമന്ത്രി ചെറുവിരൽ പോലും അനക്കിയില്ലെന്നും അവർക്ക് വിഷമം ഉണ്ടാക്കുന്ന ഒരു കാര്യവും പിണറായി ചെയ്യില്ലെന്നും അദ്ദേഹം മഞ്ചേരിയിൽ പറഞ്ഞു. MLA കോഴ ആരോപണത്തിൽ അന്വേഷണം നടത്തേണ്ടത് ഗവണ്മെന്റ് ആണെന്നും വിവരം കിട്ടിയിട്ട് പൊലീസിലേക്ക് കൈമാറാതെ ഇക്കാര്യം ഒളിച്ചുവെച്ചുവെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ഏജൻസികളുടെ കേസിനെ ഭയന്നാണ് ഒന്നിലും ഇടപെടാത്തത്. പാർട്ടി സെക്രട്ടറി നവീൻ ബാബുവിന്റെ വീട്ടിൽ പോയി അവർക്കൊപ്പം എന്നാണ് പറയുന്നത്. നവീൻ ബാബുവിനെതിരെ കള്ളപ്പരാതി ഉണ്ടാക്കിയതിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപചാപക സംഘത്തിന് പങ്കുണ്ടെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

കോൺഗ്രസും ലീഗും ഒന്നിച്ചു നിന്നാണ് വർഗ്ഗീയതക്കെതിരെ പോരാടുന്നത്. നേരത്തെ CPIM ന്റെ കൂടെയായിരുന്ന ജമാ അത്തെ ഇസ്ലാമി ഇപ്പോൾ അവർക്ക് എങ്ങനെ വർഗീയ പാർട്ടി ആയി എന്ന് സതീശൻ ചോദിച്ചു.

✪✪✪

കണ്ണൂർ ADM ആയിരുന്ന K നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് PP ദിവ്യയെ ഉടൻ അറസ്റ്റ് ചെയ്യണ മെന്ന് കണ്ണൂർ കളക്ട്രേറ്റ് ഹാളിൽ നടന്ന ജില്ലാ വികസന സമിതി യോഗത്തിൽ ആവശ്യം ഉയർന്നു. ജില്ലാകലക്ടർ അധ്യക്ഷനായ യോഗത്തിൽ UDF എം.പി മാരുടെ പ്രതിനിധികളാണ് ആവശ്യമുന്നയിച്ചത്. അജണ്ടയിൽ ഇല്ലാത്ത കാര്യം പിന്നീട് പരിഗണിക്കാമെന്ന് അറിയിച്ചതോടെ യോഗം ബഹളമയമായി. തുടർന്ന് ഇക്കാര്യം അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കുകയായിരുന്നു.

DCC അംഗം T ജയകൃഷ്ണന്റെ നേതൃത്വത്തിലാണ് പ്രതിഷേധം ഉയർന്നത്. വിഷയം അതീവ ഗൗരവമുള്ളതാണെന്നും അതിനാലാണ് യോഗത്തിൽ ഇക്കാര്യം ഉന്നയിച്ചതെന്നും ജയകൃഷ്ണൻ പറഞ്ഞു.

✪✪✪

കണ്ണൂർ ADM ആയിരുന്ന നവീൻ ബാബുവിനെ മരണത്തിലേക്ക് തള്ളിയിട്ടവരെ രക്ഷിക്കാൻ പ്രോസിക്യൂഷനും പൊലിസും ശ്രമിക്കുന്നുവെന്ന് മഹിളാ കോൺഗ്രസ് സംസ്ഥാന അധ്യക്ഷ JB മേത്തർ കുറ്റപ്പെടുത്തി. PP ദിവ്യയെ കാണാതെ പൊലിസ് ഒളിച്ചു നടക്കുന്ന കാഴ്ച്ചയാണ് നാം കാണുന്നതെന്ന് അവർ കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ദിവ്യയെ ഒളിപ്പിച്ചത് AKG സെന്ററിലാണോ ക്ലിഫ് ഹൗസിലാണോ എന്നാണ് അറിയേണ്ടത്. നവീൻ

ബാബുവിന്റെ കുടുംബത്തിനൊപ്പമാണ് പാർട്ടിയെന്ന് MV ഗോവിന്ദൻ പറയുമ്പോഴും PP ദിവ്യയെ രക്ഷിക്കുന്നതിന്, തിരക്കഥ, AKG സെന്ററിൽ നിന്നും മുഖ്യമന്ത്രിയുടെ ഓഫിസിൽ നിന്നുമാണ് തയ്യാറാക്കുന്നതെന്നും JB മേത്തർ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ചിന്തകൾ ജനങ്ങളുമായി പങ്ക് വെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും. മൻ കി ബാതിന്റെ 115-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ നിലയങ്ങളിലും, AIR NEWS വെബ്സൈറ്റിലും, News on air മൊബൈൽ ആപ്പിലും പരിപാടി കേൾക്കാം. AIR NEWS, DD NEWS, പ്രധാനമന്ത്രിയുടെയും I & B മന്ത്രാലയത്തിന്റെയും യു-ട്യൂബ് ചാനലുകളിലും പരിപാടി ലഭ്യമാണ്. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിനു ശേഷം ആകാശവാണിയുടെ കേരള നിലയങ്ങൾ അതിന്റെ മലയാള പരിഭാഷ പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് പുനഃപ്രക്ഷേപണം ഉണ്ടാകും.

✪✪✪

ശബരിമലയിൽ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ കുറ്റമറ്റ തീർത്ഥാടനം ഉറപ്പാക്കുമെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. പന്തളം ഇടത്താവളത്തിൽ ചേർന്ന അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തീർത്ഥാടകരെ ചൂഷണം ചെയ്യുന്ന സാഹചര്യം ഇല്ലെന്ന് ഉറപ്പാക്കും. ഭക്ഷ്യസുരക്ഷാ, ലീഗൽ മെട്രോളജി വകുപ്പുകൾ, RDO എന്നിവയുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക ടീമുകൾ രൂപീകരിച്ചു.

ഈ മാസം 29 ന് പമ്പയിൽ അവസാനഘട്ട യോഗം ചേർന്ന ശേഷം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്ന് ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ഇന്ന് തുലാം പത്ത്. വടക്കൻ കേരളത്തിൽ ഇടവ മാസത്തോടെ അവസാനിച്ച തെയ്യങ്ങൾ തുലാം പത്ത് മുതൽ വീണ്ടും ഉണരുകയാണ്. നീലേശ്വരത്തെ അഞ്ഞൂറ്റമ്പലം കാവിലെ പുത്തരി തെയ്യത്തോടെയാണ് വടക്കേ മലബാറിലെ തെയ്യക്കോലങ്ങളുടെ അരങ്ങ് ഉണരുന്നത്.

✪✪✪

കണ്ണൂർ ആറളം ഫാമിൽ കുരങ്ങു ശല്യം വർധിക്കുന്നു. കാട്ടാനയെ കൂടാതെ കുരങ്ങുകളും ഫാമിൽ വിളകൾ നശിപ്പിക്കുന്നത് വ്യാപകമാവുകയാണ് .

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.......

..........(വോയ്സ് )...........

കഴിഞ്ഞ ദിവസം ഫാമിന്റെ സെൻട്രൽ നഴ്സറിയിലെ പോളി ഹൗസിൽ വളർത്തിയ 4500 ഓളം അത്യുൽപാദന ശേഷിയുള്ള ബഡ് കശുമാവിൻ തൈകളും275 ഓളം WCT കുറ്റ്യാടി തെങ്ങിൻ തൈകളും പൂർണ്ണമായും നശിപ്പിച്ചു.പോളി ഹൗസിലെക്ക് പ്രവേശിക്കുന്നിടത്തെ ഷീറ്റ് വലിച്ച് കീറിയാണ് കുരങ്ങൻമാർ അകത്തേക്ക് കടന്നത്.വിൽപനയ്ക്കായി വളർന്നതൈകളാണ് നശിപ്പിക്കപ്പെട്ടത്. വിപണിയിൽ ഏറെ ഡിമാന്റുള്ളതാണ് ആറളം ഫാമിലെ കശുവണ്ടി പരിപ്പ് . തെങ്ങുകളിൽ പൂങ്കുല വിരിഞ്ഞ് കരിക്കിൻ പ്രായമാകുമ്പോഴേക്കുമാണ് കുരങ്ങുകളെത്തി നശിപിപ്ക്കുന്നത്. അയ്യായിരത്തോളം തെങ്ങുകളാണ് കാട്ടാനക്കൂട്ടം ഇതുവരെ നശിപ്പിച്ചത്. ഫാമിൽ ആനമതിൽ നിർമ്മാണം പുരോഗമിക്കുകയാണ്.കാട്ടാനകളെ കൂടാതെ കുരങ്ങൻമാരും ഫാമിലെ കൃഷിക്ക് നാശമുണ്ടാക്കുന്നത് തടയാനുള്ള നൂതനമാർഗ്ഗം കണ്ടെത്താനുള്ള ശ്രമത്തിലാണ് ഫാം അധികൃതർ.

✪✪✪

കണ്ണൂർ ആറളം ഫാമിലെ താമസക്കാർക്ക് മാത്രമായി നവംബർ 27, 28 തീയതികളിൽ പ്രത്യേക അദാലത്ത് നടത്തുമെന്ന് സംസ്ഥാന പട്ടികജാതി - പട്ടിക ഗോത്ര വർഗ കമ്മീഷൻ ചെയർമാൻ ശേഖരൻ മിനിയോടൻ അറിയിച്ചു. ആറളം ഫാമിലെ കുടിവെള്ള ലഭ്യത, റവന്യൂ, കെട്ടിട സൗകര്യം തുടങ്ങിയവ കമ്മീഷൻ, അദാലത്തിനിടെ പരിശോധിക്കും.

✪✪✪

പൂനെയിൽ ന്യൂസിലാന്റിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 359 റൺസ് വിജയലക്ഷ്യം.

മൂന്നാം ദിവസമായ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ച ന്യൂസിലാൻഡ് 255 റൺസിന് പുറത്തായി. അഞ്ച് വിക്കറ്റിന് 198 എന്ന നിലയിൽ കളി പുനഃരാരംഭിച്ച ന്യൂസിലാൻഡിന് 57 റൺസ് കൂട്ടിച്ചേർക്കുന്നതിനിടെ ശേഷിക്കുന്ന വിക്കറ്റുകൾ കൂടി നഷ്ടമായി.

രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 111 റൺസെടുത്തിട്ടുണ്ട്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 156 ഉം ന്യൂസിലാന്റ് 259 ഉം റൺസാണ് എടുത്തത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തൃശൂർ മാജിക് FC, കാലിക്കറ്റ് FC യെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

തിരുവനന്തപുരത്ത് ഇന്നലെ തിരുവനന്തപുരം കൊമ്പൻസ് FC യെ, ഫോഴ്സ കൊച്ചി FC ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു.

✪✪✪

മലപ്പുറം ജില്ലാ കളരിപ്പയറ്റ് മത്സരത്തിന് തിരുനാവായയിൽ തുടക്കമായി. എടക്കുളം AM UP സ്കൂളിലെ രണ്ടു ദിവസത്തെ മത്സരത്തിൽ അഞ്ഞൂറോളം കളരി അഭ്യാസികൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിൽ 1,200 പോയിന്റോടെ പയ്യന്നൂർ ഉപജില്ല ഒന്നാംസ്ഥാനം നേടി. 1,177 പോയിൻറുമായി ഇരിട്ടി രണ്ടാംസ്ഥാനവും, 1,154 പോയിന്റോടെ തളിപ്പറമ്പ് നോർത്ത്, മൂന്നാം സ്ഥാനവും സ്വന്തമാക്കി.

✪✪✪

കോഴിക്കോട് റവന്യു ജില്ലാ ശാസ്ത്രോത്സവം കുന്ദമംഗലത്ത് ഇന്ന് സമാപിക്കും. ഓവറോൾ വിഭാഗത്തിൽ 549 പോയിന്റോടെ കൊടുവള്ളി ഉപജില്ലയാണ് മുന്നിൽ. 547 പോയിന്റോടെ മുക്കം ഉപജില്ല രണ്ടാം സ്ഥാനത്തും, 534 പോയിന്റോടെ സിറ്റി ഉപജില്ല മൂന്നാം സ്ഥാനത്തുമാണ് .

✪✪✪